**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2106** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഹൃദയ ശസ്ത്രക്രിയ ഉപകരണങ്ങൾ നൽകുന്നത് നിർത്തിവച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്റ്റെന്റ് ഉൾപ്പെടെയുള്ള ഹൃദയ ശസ്ത്രക്രിയ ഉപകരണങ്ങൾ നൽകുന്നത് വിതരണക്കാർ നിർത്തിവച്ചത് മൂലം ശസ്ത്രക്രിയകൾ മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നത് വ്യക്തമാക്കാമോ; ഏതൊക്കെ വിതരണ കമ്പനികൾക്ക് എത്ര തുക വീതമാണ് സർക്കാർ നൽകാനുള്ളതെന്ന വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | Senior Citizen Health Insurance Scheme(SCHIS) വകയിൽ 2019 ഫെബ്രുവരി, മാർച്ച് മാസത്തിൽ കുടിശ്ശികയായി 76,08,329/- രൂപയും കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (KASP) ഇനത്തിൽ ഒക്ടോബർ 2020 മുതൽ ജൂൺ 2021 വരെ കുടിശ്ശികയായി 8,52,54,145/- രൂപയും നൽകാനുണ്ട്. കുടിശിക ഇനത്തിൽ നൽകേണ്ട തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പണം നൽകാത്തതിനെ തുടർന്ന് ഏതെല്ലാം ഉപകരണങ്ങളുടെ വിതരണം നിലച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ബി) | പണം നൽകാത്തതിന്റെ പേരിൽ ഉപകരണങ്ങളുടെ വിതരണം ഇതുവരെയും തടസ്സപ്പെട്ടിട്ടില്ല, ശസ്ത്രക്രിയകൾ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ